**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1739** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനും അക്കാദമിക ഉന്നമനത്തിനുമായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തി നാടിന്റെ പുരോഗതി ത്വരിത ഗതിയിലാക്കുന്നതിനായി പല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പുതു തലമുറയെ വൈജ്ഞാനിക മേഖലയിൽ കുതിച്ചു ചാട്ടം ഉണ്ടാക്കുന്നതിനായി കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകളും അനുവദിച്ചിട്ടുണ്ട്. കോളേജുകളെ യൂണിവേഴ്സിറ്റികളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന ലീഡ് പോലുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.**<br><br>**ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ, ട്രെയിനിംഗ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ചു നൽകിയിട്ടുണ്ട്. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ക്ലാസുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസ്റൂം ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക മികവിനും റിസേർച്ചിനും പ്രോത്സാഹനം നൽകുന്നതിനായി PLEASE, വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി, പഠനത്തോടൊപ്പം തൊഴിൽ (Earn While You Learn), എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഗ്രീൻ ക്യാമ്പസ്, സ്റ്റുഡന്റ് ഫോർ സൊസൈറ്റി, ജീവനി പഠനത്തോടൊപ്പം തൊഴിൽ എന്നീ പദ്ധതികൾ വൈജ്ഞാനിക മികവിനോടൊപ്പം** |

| | | | |
|---|---|---|---|
| | | | നാടിന്റെ പുരോഗതിക്കു കൂടി ഫലപ്രദമാകുന്ന തരത്തിൽ രൂപപ്പെടുത്തിയ പദ്ധതികളാണ്. ഗ്രീൻ ക്യാമ്പസ് പദ്ധതിയിലൂടെ കാർബൺ എമിഷൻ കുറയ്ക്കാനും ഇലക്ട്രിസിറ്റിക്കായി സോളാർ എനർജി ഉപയോഗപ്പെടുത്താനും കഴിയുന്നതാണ്. വിദ്യാർഥികളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്ന പ്രവർത്തനങ്ങളാണ് ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പഠനത്തോടൊപ്പം വിവിധ തൊഴിൽ മേഖലകളെ പരിചയപ്പെടുന്നതിനും പുതിയ തൊഴിൽ മേഖലകളെ കണ്ടെത്തുന്നതിനും പഠനത്തോടൊപ്പം തൊഴിൽ പദ്ധതിയിലൂടെ കഴിയുന്നതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉന്നമനത്തിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ൽ ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി നാക് (എൻ.എ.എ.സി.) അക്രഡിറ്റേഷൻ ലഭിച്ച സർവ്വകലാശാലകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം 2 ൽ ചേർക്കുന്നു. |
| (സി) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തുന്ന പരിഷ്കാരങ്ങളെ ഉൾകൊള്ളുന്ന വിധത്തിൽ കോളേജ് അധ്യാപകർക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന വിധത്തിലുള്ള ട്രെയിനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; | (സി) | ഗുണനിലവാരമേറിയ ഉന്നത വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനായി വകുപ്പിന് കീഴിലുള്ള അദ്ധ്യാപകർക്ക് പ്രത്യേക സിലബസ് നിർമ്മിച്ച് തിരുവനന്തപുരത്തുള്ള IISER, IIM കോഴിക്കോട് എന്നിവിടങ്ങളിൽ വച്ച് റെസിഡൻഷ്യൽ ട്രൈനിങ് നൽകുന്നുണ്ട്.<br><br>2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി, കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവ്വകലാശാലകളിൽ ആരംഭിക്കുന്ന FYUGP-യ്ക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട്, FYUGP റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ, കോളേജ് അദ്ധ്യാപകർക്ക് ജില്ലാതല ഓറിയന്റേഷൻ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. കൂടാതെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഫാക്കൽറ്റി ഡവലപ്മെന്റ് സെന്ററിന്റെ തേതൃത്വത്തിൽ സർവ്വകലാശാലകളിലെയും കോളേജുകളിലേയും അധ്യാപകർക്ക് പരിശീലന പരിപാടി പതിവായി സംഘടിപ്പിച്ചുവരുന്നു. |
| (ഡി) | വടക്കാഞ്ചേരി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കിലയെ ഒരു എജ്യൂക്കേഷണൽ ഹബ്ബാക്കി | (ഡി) | കില ഹെഡ്കോട്ടേഴ്സിൽ 2024-25 അദ്ധ്യയന വർഷം കാലികറ്റ് യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടുകൂടി |

| | | | |
|---|---|---|---|
| | മാറ്റുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | | പുതിയ അൺ എയ്ഡഡ് കോളേജ് സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>1. Four Year UG Programme in Rural Development and Governance<br><br>2. Four Year UG Programme in Gender and Development Studies എന്നീ കോഴ്സുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതോടനുബന്ധിച്ചുള്ള ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി കിലയുടെ കാംപസ് വിപുലീകരിക്കുന്നതിനായി കില കാമ്പസിനോടും മെയിൻ റോഡിനോടും ചേർന്ന് കിടക്കുന്ന കിള്ളന്നൂർ വില്ലേജിൽ 3.6532 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br><br>ആധുനിക കാലത്തെ നഗരസാധ്യതകളെകുറിച്ച് പഠിച്ച് സംസ്ഥാനത്തിന്റെ ഭാവി സുസ്ഥിര നഗര വൽക്കരണത്തിലൂടെ സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി നഗരനയ കമ്മീഷൻ രൂപീകരിക്കുകയും അതിന്റെ തുടർ നടപടിയായി കിലയിൽ കില സെന്റർ ഫോർ അർബൻ ഗവേണൻസ് പുതുതായി നിലവിൽ വന്നിട്ടുണ്ട്.<br><br>കാലാവസ്ഥാ വ്യതിയാനവും ദുരന്തനിവാരണവും സ്ഥലപര ആസൂത്രണവുമായി ബന്ധപ്പെട്ട് സാങ്കേതിക സഹായം നൽകുന്നതിന്റെ ഭാഗമായി കിലയിൽ പുതിയതായി ലോക്കൽ ഗവൺമെന്റ് സെന്റർ ഓൺ എൺവയോൺമെന്റ് ക്ലൈമറ്റ് ചേഞ്ച് ആൻറ് ബയോ ഡൈവേഴ്സിറ്റിയും ഇതിനോടനുബന്ധമായി ജിയോ സ്പേഷ്യൽ ലാബും സ്ഥാപിതമായിട്ടുണ്ട്.<br><br>പുതുതായി നിരവധി വിഷയമേഖലകളിൽ പ്രത്യേക കേന്ദ്രങ്ങളും കില ആരംഭിച്ചിട്ടുണ്ട്. കില സെൻറർ ഫോർ സബ് ആൾട്ടേഷൻ സ്റ്റഡീസ്, ചൈൽഡ് റിസോഴ്സ് സെന്റർ, സെൻറർ ഫോർ സസ്റ്റെയിനബിൾ ഡവലപ്മെൻറ് ഗോൾസ് ആന്റ് ലോക്കൽ ഗവേണൻസ്, ജെൻറർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്, തുടങ്ങിയവ കില ഹെഡ് കോട്ടേഴ്സിലെ വിവിധ വിഷയ കേന്ദ്രങ്ങളാണ്.<br><br>ജനകീയാസൂത്രണവും പ്രാദേശികഭരണവും സംബന്ധിച്ച കേരളത്തിന്റെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്ന ഇ.എം.എസ് സ്മാരക അധികാര വികേന്ദ്രീകൃത തദ്ദേശഭരണ മ്യൂസിയവും കിലയിൽ സ്ഥാപിച്ചിട്ടുണ്ട്. കില ഹെഡ്ക്വാർട്ടേഴ്സിൽ വിപുലമായ |

| | | | |
|---|---|---|---|
| | | | നൂതന സൗകര്യങ്ങളോടുകൂടിയ ലൈബ്രറിയും, ഇതൊടൊപ്പം ഗാന്ധി ആർട്ട് ഗാലറിയും ഒരുക്കിയിട്ടുണ്ട്. കില ജേർണൽ ഓഫ് ലോക്കൽ ഗവേണൻസ്, നിരവധി പുസ്തകങ്ങൾ എന്നിവ കില പ്രസിദ്ധീകരിച്ചു വരുന്നു. അധികാരവികേന്ദ്രീകരണവും പ്രാദേശികഭരണവും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശകം എന്ന പേരിൽ ഒരു ഓൺലൈൻ ചാനലും കില ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദമായ ക്യാമ്പസ് രൂപപ്പെടുത്തിയതിനൊപ്പം ആംഗ്യഭാഷയിലൂടെയുള്ള ഓൺലൈൻ പരിശീലനങ്ങളും കോഴ്സുകളും കിലയുടെ നൂതനമായ സംരംഭമാണ്. ഇവ കൂടാതെ കില നിരവധി യൂണിവേഴ്സിറ്റികളുമായും കോളേജുകളുമായും വിവിധ വിഷയങ്ങളിലെ സഹകരണവുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുള്ളതാണ്.<br><br>കൂടാതെ ഗ്രാമവികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, പ്രാദേശിക ആസൂത്രണം, ജൻഡർ, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യം, ദുരന്തനിവാരണം, പരിസ്ഥിതി തുടങ്ങിയവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, പഠനങ്ങൾ,കോഴ്സുകൾ എന്നിവയും കിലയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

1. **ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി :**

ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്ത് നടപ്പിലാക്കിയ ഏറ്റവും ശ്രദ്ധേയമായ പദ്ധതികളിലൊന്നാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി. പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്. കേരളത്തിലെ ഗവൺമെന്റ് /എയിഡഡ് കോളേജുകളിലും, യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫഷണേതര വിഷയങ്ങളിൽ ഒന്നാം വർഷ ഡിഗ്രി കോഴ്സിനു ചേരുന്ന (എയിഡഡ് കോഴ്സുകൾ) വിദ്യാർത്ഥികൾക്കാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നത്. രണ്ടാംവർഷ ബിരുദ തലം മുതൽ രണ്ടാം വർഷ ബിരുദാനന്തര ബിരുദ തലം വരെ അക്കാദമിക് മികവിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ പുതുക്കി നൽകുന്നു. പ്ലസ് ടു വിന്/ തത്തുല്ല്യ പരീക്ഷകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 1000 വിദ്യാർത്ഥികളെയാണ് ബിരുദ പഠനത്തിനുള്ള സ്കോളർഷിപ്പിനായി ഓരോ വർഷവും തിരഞ്ഞെടുക്കുന്നത്. ബിരുദാനന്തര ബിരുദ പഠനത്തിന് 600 സ്കോളർഷിപ്പുകളാണ് പ്രതിവർഷം നൽകുന്നത്. എസ്.സി/എസ്.ടി, ഒ.ബി.സി, ബി.പി.എൽ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങൾക്കായി യഥാക്രമം 10%, 27%, 10%, 3% സ്കോളർഷിപ്പുകൾ സംവരണം ചെയ്തിരിക്കുന്നു.

ഒന്നാം വർഷ ബിരുദ പഠനത്തിന് 12,000/- രൂപ, രണ്ടാം വർഷ ബിരുദ പഠനത്തിന് 18,000/- രൂപ, മൂന്നാം വർഷ ബിരുദ പഠനത്തിന് 24,000/- രൂപ, ഒന്നാം വർഷ ബിരുദാനന്തര ബിരുദ പഠനത്തിന് 40,000/- രൂപ, രണ്ടാം വർഷ ബിരുദാനന്തര ബിരുദ പഠനത്തിന് 60,000/- രൂപ എന്നീ നിരക്കുകളിലാണ് സ്കോളർഷിപ്പുകൾ നൽകുന്നത്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 25% സ്കോളർഷിപ്പ് തുക അധികമായി നൽകിവരുന്നു. (യഥാക്രമം 15,000/-, 22,500/-, 30,000/-, 50,000/-, 75,000/- എന്നീ നിരക്കുകളിൽ).

2. **ഇ-ജേർണൽ കൺസോർഷ്യം:**

സർവ്വകലാശാലകൾക്ക് യു.ജി.സി സൗജന്യമായി നൽകിവന്നിരുന്ന ഈ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium). പ്രവർത്തനക്ഷമമാണ്. പ്രമുഖ പ്രസാധകരായ എൽസെവിയർ, Knimbus എന്നിവരുമായി പ്രവർത്തന കരാർ നിലവിൽ വന്നു കഴിഞ്ഞു. എൽസെവിയർ ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളായ സയൻസ് ഡയറക്ടും സ്കോപ്പസും ഇതിൽ ഉൾപ്പെടും. ഇത് ഗവഷണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായ സംവിധാനമാണ്.

3. **ബ്രെയിൻ ഗെയിൻ** :

കേരളത്തിന് പുറത്ത് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന മലയാളികളായ പ്രഗത്ഭ വ്യക്തികളുടെ വിജ്ഞാന സമ്പത്ത് സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇതു സംബന്ധിച്ച വിവരശേഖരണം നടത്തി കഴിഞ്ഞു. Building Up Database of the Keralite – Academic Diaspora around the Globe എന്ന പേരിലാണ് ഈ പ്രോജക്ട് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

അക്കാദമിക, ഗവേഷണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറെ സഹായകരമായിരിക്കും. ആദ്യ ഘട്ടത്തിൽ തോന്നക്കലിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ച ഡോ. വേണുഗോപാൽ നായർ (Pir Bright Institute, UK), എം.ജി. സർവ്വകലാശാല സന്ദർശിച്ച ഡോ. ടി.വി. പോൾ (McGill University, Canada), കേരള വെറ്റിനറി യൂണിവേഴ്സിറ്റി സന്ദർശിച്ച ഡോ. മനോഷ് എസ് മോഹൻ (South Dakota State University, USA) എന്നിവരാണ് ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്തിയിട്ടുള്ളത്. കൂടതൽ വിദഗ്ധരുടെ സന്ദർശന പദ്ധതികൾ സർവ്വകലാശാലകൾ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതാണ്.

4. **<u>സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC)</u>**:

രാജ്യത്തെ സർവ്വകലാശാലകളുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്ന നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) ന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊ് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു. NAAC ൽ വിഭാവനം ചെയ്തിട്ടുള്ള 5 core values ന് പുറമേ, *Social Inclusiveness (Inclusive Education), Equity and Excellence, Scientific temper, and secular outlook* എന്നീ 3 core values ന്റെ കൂടി അടിസ്ഥാനത്തിൽ, സ്ഥാപനങ്ങളെ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളുടെയും (State specific) കൂടി വിലയിരുത്തിയാണ് SAAC അസസ്സ്മെന്റും ഗ്രേഡിംഗും നൽകുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ - എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC ന്റെ അവലോകന പരിധിയിൽ വരും. ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര, ഫറൂക്ക് ട്രെയിനിംഗ് കോളേജ്, കോഴിക്കോട്, ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട എന്നീ സ്ഥാപനങ്ങൾ സാക്ക് അക്രഡിറ്റേഷൻ ('A' ഗ്രേഡ്) ലഭിച്ച സംസ്ഥാനത്തെ കോളേജുകളാണ്. മറ്റ് കോളേജുകളുടെ അസസ്സ്മെന്റ്/അക്രഡിറ്റേഷൻ നടപടികൾക്കായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജില്ലാതല ഓറിയെന്റേഷൻ പ്രോഗ്രാമുകൾ ഇതിനോടകം പൂർത്തീകരിച്ചിട്ട്.

5. **<u>ഡിജികോൾ–DIGICOL:</u>**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യ ഒരുക്കുന്ന നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. അതിലൊന്നാണ് മൂഡിൽ അധിഷ്ഠിതമായ ലേണിങ് മാനേജ്മെന്റ് സിസ്റ്റം എല്ലാ കോളേജുകളിലും ഫലപ്രദമായി നടപ്പിലാക്കുക എന്നത്. ഇതിന്റെ ഭാഗമായി ലെറ്റ്സ് ഗോ ഡിജിറ്റൽ എന്ന പ ദ്ധതിയും (ഡിജികോൾ) നടപ്പിലാക്കിവരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തെ എല്ലാ കോളേജുകളിലെയും അധ്യാപകർക്ക് പരിശീലനം നൽകിവരുന്നു. ഇതിനോടകം ഇത്തരത്തിൽ 5000ത്തിൽപരം അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. നൂറിൽപരം കോളേജുകൾക്ക് പരിശീലനം പൂർത്തിയായിക്കഴിഞ്ഞു.

ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ അനുകൂലമായ സാഹചര്യം ഒരുക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണവും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജിതമായി നടന്നുവരുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 35 കോളേജുകൾക്ക് അവരുടെ

Moodle LMS സംവിധാനം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഡേറ്റാ സെന്ററിൽ അപ്‌ലോഡ് ചെയ്യുവാൻ കഴിഞ്ഞിട്ടു ണ്ട്.

6. **കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്):**

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു. ഇത് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പ്രയോജനപ്പെടുന്നതാണ്. സംസ്ഥാനത്തെ കോളേജുതല ലൈബ്രറികളേയും ഈ ശൃംഖലയിൽ പങ്കാളികളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടു. രാം ഘട്ടമായി സർവ്വകലാശാല ലൈബ്രറികളിലെ അപൂർവ്വ ശേഖരണവും പ ുസ്തകങ്ങളും ഡിജിറ്റൈസ് ചെയ്യാനുള്ള പദ്ധതി സർക്കാർ അനുമതിക്ക് സമർപ്പിച്ചിരിക്കുകയാണ്.

7. **ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:**

നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഗവേഷണ പദ്ധതിയാണിത്. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ് & ലിബറൽ ആർട്സ്, ഇക്കണോമിക്സ് സ്റ്റഡീസ്, അഗ്രികൾച്ചറൽ & ഇക്കോളജിക്കൽ സയൻസ്, മെഡിക്കൽ സയൻസ്, കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി & എഞ്ചിനീയറിംഗ് എന്നിവ ഉൾക്കൊള്ളുന്ന 10 ബൃഹത്തായ വിജ്ഞാന മേഖലകളിലാണ് ഫെല്ലോഷിപ്പ് നൽകിവരുന്നത്. ആദ്യവർഷം ഓരോ മാസവും 50,000/- രൂപയും രാം വർഷം ഒരു ലക്ഷം രൂപ വീതവും 500 ഫെല്ലോഷിപ്പുകളാണ് ആകെ പ്രഖ്യാപിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ വിതരണം ചെയ്തു കഴിഞ്ഞു. രാം ഘട്ടത്തിൽ 68 ഫെല്ലോഷിപ്പുകളും മോഡ് 1 പ്രകാരം സർവ്വകലാശാലകളിലെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾക്ക് 31 ഫെല്ലോഷിപ്പുകളും ഇതിനകം നൽശിയിട്ടു ണ്ട്.

8. **കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (Kerala Institutional Ranking Framework) (KIRF):-**

NIRF മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ വിലയിരുത്തി അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്നതിനുള്ള കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) - (KIRF) പ്രവർത്തനം ആരംഭിച്ചിട്ടു. NIRF മാതൃകയുടെ അടിസ്ഥാന മൂല്യങ്ങളും ഘടകങ്ങളും ഉൾക്കൊുകൊ് സംസ്ഥാനതല റാങ്കിംഗ് സംവിധാനം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്. നിലവിൽ teaching-learning research, graduate outcomes, വിജ്ഞാന വ്യാപനം, പൊതു അഭിപ്രായം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ദേശീയ റാങ്കിംഗ് മാനദണ്ഡങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. KIRFൽ സംസ്ഥാനാധിഷ്ഠിത വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തുന്ന രീതിയിൽ മാനദണ്ഡങ്ങൾ പുനർനിർവചിക്കാനാണ് സാമൂഹ്യനീതി, പ്രാപ്യത, ശാസ്ത്രീയ മനോഭാവം, മതനിരപേക്ഷ കാഴ്ചപ്പാട് എന്നിവ കൂടി സംയോജിപ്പിച്ച് വിലയിരുത്തൽ മാനദണ്ഡങ്ങൾ വിപുലീകരിച്ചിട്ടുള്ളത്. KIRF ന്റെ ആരംഭത്തോടുകൂടി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയവും അന്തർദേശീയവുമായ റാങ്കിംഗിൽ നില മെച്ചപ്പെടുത്താൻ സഹായകരമാകും.

9. **അദ്ധ്യാപക പരിശീലന പദ്ധതി:**

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചത്. Humanities & Social Science, Science, Commerce, Technology and Management എന്നീ സ്ട്രീമുകളിൽ അദ്ധ്യാപകർക്കായി പ രിശീലനം സംഘടിപ്പിക്കുന്ന ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്ററിന്റെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.

- അക്കാദമിക മേന്മ, ഗവേഷണപരത, ബോധന വൈദഗ്ദ്ധ്യം എന്നിവയിൽ ഊന്നി യുള്ള പരിശീലന പരിപാടികളിലൂടെ അദ്ധ്യാപകരുടെ പ്രാപ്തി വർദ്ധിപ്പിക്കുക.
- പുതുതായി അദ്ധ്യാപക വൃത്തിയിൽ എത്തുന്നവർക്ക് പ്രാരംഭഘട്ടത്തിൽ തന്നെ പരി ശീലനവും ദിശാബോധവും നൽകുക.
- നൂതന ബോധന സങ്കേതങ്ങളുടേയും ഉപകരണങ്ങളുടേയും ഉപയോഗത്തിൽ നൈപുണ്യം നേടാൻ അദ്ധ്യാപകരെ സഹായിക്കുക.
- അന്താരാഷ്ട്രസ്വഭാവമുള്ള പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക.

2019-20 മുതൽ 3500 ൽപരം അദ്ധ്യാപകർക്ക് നാളിതുവരെ പരിശീലനം കൗൺസിൽ നൽകി കഴിഞ്ഞു.

10. **ഓൺലൈൻ ഡിജിറ്റൽ ശേഖരം:**

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി/പി.ജി പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്പോർട്ടലിൽ "ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടു്. സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകർ തയ്യാറാക്കുന്ന ഡിജിറ്റൽ പാഠഭാഗങ്ങൾ വിദ്യാർത്ഥികൾക്ക് ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്. നിരന്തരം അപ്ഡേറ്റ് ചെയ്യപ്പെടുന്നതായ ഈ സംഭരണിയിൽ ഇതിനോടകം 130 ൽപ്പരം അദ്ധ്യാപകർ തയ്യാറാക്കിയ വിവിധ യു.ജി./പി.ജി പ്രോഗ്രാമുകളുടെ 2000 ലധികം pdf, word, audio, video, ppt, e-content കൾ ലഭ്യമാക്കിയിട്ടു്. ഇവയിൽ ഒട്ടുമിക്ക e-content കളും You Tube ചാനലിലേക്ക് കണക്ട് ചെയ്തിട്ടുമു ണ്ട്.

വിവിധ അക്കാദമിക് പ്രോഗ്രാമുകളുടെ ഭാഗമായുള്ള 3000 ത്തിൽപരം പാഠ്യഭാഗങ്ങൾ ഇതിലൂടെ ലഭ്യമാക്കിയിട്ടു്. നാലുവർഷ ബിരുദ പദ്ധതിയുടെ ഭാഗമായി ഈ സംവിധാനം വിപുലീകരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

11. **എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:**

സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിനും കൂടിയാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ സംസ്ഥാനം സന്ദർശിച്ച എറുഡൈറ്റ് സ്കോളർറുമായി ചേർന്ന് നിരവധി അക്കാദമിക പ്രൊജക്ടുകളും, പ്രബന്ധങ്ങളും, സംസ്ഥാനത്തെ സർവകലാശാല/ കോളേജ് അദ്ധ്യാപകരും ഗവേഷകരും തയ്യാറാക്കിയിട്ടു്. ഇത് കൂടാതെ നിരവധി അദ്ധ്യാപകർക്കും ഗവേഷകർക്കും വിദേശ സർവകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും സന്ദർശിക്കാനും/സഹകരിക്കാനും അവസരം ഉണ്ടായി.

12. **<u>കൗൺസിൽ ജേർണൽ:</u>**

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ SAGE പബ്ലിഷിംഗ് ഹൗസുമായി ചേർന്ന് 'Higher Education for the Future' എന്ന ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു. രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള അക്കാദമിക വിദഗ്ദ്ധരുടെ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ജേർണലാണിത്. 2018 ജൂലൈയിൽ ജേർണലിന്റെ 5-ാം ലക്കവും 2019 ജൂലൈയിൽ 6-ാം ലക്കം ഭാഗം-2 വും പ്രസിദ്ധികരിച്ചു. അന്തർദേശീയ തലത്തിൽ സ്കോപസ് ഡേറ്റാ ബേയ്സിൽ കൗൺസിൽ ജേർണൽ ഉൾപ്പെട്ടിട്ടുണ്ട്.

13. **<u>കോളേജുകളുടെ ക്ലസ്റ്റർ സ്കീം:</u>**

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവിലുള്ള സൗകര്യങ്ങളുടെ ഉചിതമായ ഉപയോഗത്തിലൂടെയും അവയെ യഥാവിധി പങ്കുവയ്ക്കുന്നതിലൂടെയും മെച്ചപ്പെട്ട അക്കാദമിക ഗുണനിലവാരം കൈവരിക്കാൻ സാധ്യമായ മാർഗമെന്ന നിലയിലാണ് ക്ലസ്റ്റർ ഓഫ് കോളേജ് എന്ന ആശയം നടപ്പിലാക്കുന്നതിലൂടെ കെ. എസ്.എച്ച്.ഇ.സി ലക്ഷ്യം വയ്ക്കുന്നത്. അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെ അറിവും സ്ഥാപനങ്ങളുടെ അക്കാദമിക വിഭവങ്ങളും പങ്കാളിത്ത കൂട്ടായ ലക്ഷ്യങ്ങളുടെ നിർവഹണത്തിലൂടെ കോളേജുകളുടെ പഠന നിലവാര മെച്ചപ്പെടുന്നതിന് സാദ്ധ്യമാക്കുന്ന സംരംഭമാണ് ഓരോ ക്ലസ്റ്ററുകളും. പ്രവേശനത്തിന്റെയും ഇക്വിറ്റിയുടെയും ഗുണനിലവാരത്തിന്റെയും ദേശീയ ലക്ഷ്യങ്ങളാണ് ക്ലസ്റ്ററുകളുടെയും അടിസ്ഥാന ലക്ഷ്യം. ഒരു ക്ലസ്റ്റർ ആയി കോളേജുകൾ ഓരോ വ്യക്തിഗത കോളേജിനൊപ്പം ഉയർന്ന അക്കാദമിക് പ്രവർത്തനങ്ങൾ നടത്താൻ കഴിയും. ഓരോ സ്ഥാപനം ആനുകൂല്യങ്ങൾ ഓരോ സ്ഥാപനം ഇൻവെസ്റ്റ് ചെയ്യുന്ന വിഭവങ്ങളെക്കാൾ വലുതാണ്. അതനുസരിച്ച് തിരുവനന്തപുരത്ത്, എറണാകുളം, കോഴിക്കോട് അടിസ്ഥാനമാക്കി 2009 മുതൽ 3 ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നു. അക്കാദമിക് സ്ഥാപനങ്ങൾക്കുള്ള അധ്യാപന - പഠന ഫാക്കൽറ്റികൾ മെച്ചപ്പെടുത്തുന്നതിന് വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തുവരുന്നു. ക്ലസ്റ്റർ സ്ഥാപനങ്ങളുടെ വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ നടപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ കൊടുത്തിരിക്കുന്നു. പാലക്കാട്, കണ്ണൂർ, കാസറഗോഡ് എന്നീ മൂന്ന് ക്ലസ്റ്റർ സ്കീമുകൾ കൂടി പുതുതായി ആരംഭിക്കുന്നതിന് സർക്കാർ അനുമതി തേടിയിട്ടുണ്ട്.

14. **<u>ഉന്നത വിദ്യാഭ്യാസ സർവ്വേ:</u>**

ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് ആദ്യമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ സർവ്വേ ആരംഭിച്ചു. ഓൾ ഇന്ത്യാ ഹയർ എഡ്യൂക്കേഷൻ സർവ്വേയുടെ മാതൃകയിൽ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ശേഖരിക്കാനാണ് കൗൺസിലിനെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ State specific ആയ വിവരങ്ങളും സർവ്വേ സമാഹരിക്കുന്നു്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, സ്വയംഭരണ, സ്വാശ്രയ കോളേജുകളും സർവ്വകലാശാലകളും സർവ്വേയുടെ പരിധിയിൽ വരും. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള സർവ്വേ പോർട്ടൽ വഴിയാണ് സ്ഥാപനങ്ങൾ വിവരങ്ങൾ നൽകേണ്ടത്. ഇതു സംബന്ധിച്ച് റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. നയരൂപീകരണത്തിനും ആസൂത്രണത്തിനും ഇത് പ്രയോജനകരമാണ്. രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ചുള്ള വിവരശേഖരണം നടത്തുന്നത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിനുകീഴിലുള്ള All Indian Survey of Higher Education (AISHE) എന്ന പോർട്ടൽ/ഓൺലൈൻ സംവിധാനത്തിലൂടെയാണ്.

15. **കൈരളി ഗവേഷണ പുരസ്ക്കാരങ്ങൾ:**
ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്ക്കാരം, റിസേർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്ക്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്ക്കാരങ്ങൾ. അവാർഡുകളുടെ നിർവ്വഹണ ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്.

16. **നാലുവർഷ ബിരുദ പ്രോഗ്രാം (FYUGP):**
സംസ്ഥാന സർക്കാർ ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്രപരിഷ്കാരവുമായി ബന്ധപ്പെട്ട് ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മിറ്റി രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശകളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഈ കമ്മിറ്റിയുടെ നാലാമത്തെ അദ്ധ്യായം കരിക്കുലം പരിഷ്ക്കരണവുമായി ബന്ധപ്പെട്ടവയാണ്. ഇതിന്റെ ചുവട് പിടിച്ചാണ് ഡോ. സുരേഷ് ദാസ് അധ്യക്ഷനായി 39 അംഗ കേരള സംസ്ഥാന ഹയർ എഡ്യുക്കേഷൻ കരിക്കുലം കമ്മിറ്റി സംസ്ഥാന സർക്കാർ രൂപീകരിച്ചത്. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്കായുള്ള ഈ കമ്മിറ്റിയാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം ചട്ടക്കൂട് രൂപീകരിച്ചിട്ടുള്ളത്. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഘടന സംബന്ധിച്ച ഈ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ സർവ്വകലാശാലകൾ 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.
നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കാൻ ആവശ്യമായ മാതൃക റെഗുലേഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർവ്വകലാശാലകൾക്ക് നൽകിയിട്ടു്. ഇത് ഘടനയിലും ഉള്ളടക്കത്തിലും ബിരുദ തലത്തിലുള്ള കരിക്കുലം പരിഷ്ക്കരണത്തിന്റെ കേരള മോഡൽ ആണ്. സർവ്വകലാശാല/കോളേജ് അദ്ധ്യാപകർക്കുള്ള വിപുലമായ പരിശീലന പരിപാടികളും പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ പരിപാടികളും സംഘടിപ്പിച്ചു.

17. **സ്റ്റഡി ഇൻ കേരള:**
അന്താരാഷ്ട്ര വിദ്യാർത്ഥികളെ മുഴുവൻ സമയ-ഹ്രസ്വകാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സാധ്യതകൾ കേരളത്തിലു്. എന്നാൽ ചുരുക്കം ചില സ്ഥാപനങ്ങൾക്ക് മാത്രമെ അന്താരാഷ്ട്ര വിദ്യാർത്ഥികൾക്ക് ആതിഥ്യം നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ.
ആൾ ഇന്ത്യ ഉന്നത വിദ്യാഭ്യാസ സർവ്വേ 2020-21 പ്രകാരം ഇന്ത്യൻ സ്ഥാപനങ്ങളിൽ ചേർന്ന വിദേശ വിദ്യാർത്ഥികളുടെ എണ്ണം 48,035 ആണ്. ഈ കാലയളവിൽ അയൽ സംസ്ഥാനങ്ങളായ കർണാടക, തമിഴ്നാട് യഥാക്രമം 8137, 3,685 വിദേശ വിദ്യാർത്ഥികൾക്ക് ആതിഥേയത്വം വഹിച്ചപ്പോൾ കേരളത്തിന് 266 വിദ്യാർത്ഥികളെ മാത്രമേ ആകർഷിക്കാനായുള്ളൂ. 2019-20 കാലഘട്ടത്തിൽ മഹാമാരിക്ക് മുമ്പ് കേരളത്തിലെ അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ പങ്ക് വളരെ ചെറുതായിരുന്നു. ഏകദേശം 302 വിദ്യാർത്ഥികൾക്ക് മാത്രം (AISHE 2020-21, 2019-20). ഈ പശ്ചാത്തലത്തിൽ കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയ്ക്ക് കൗൺസിൽ തുടക്കം കുറിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## LIST OF UNIVERSITIES IN KERALA WITH NAAC GRADE

| No. | Name of the Higher Education Institution | Current Grade |
|---|---|---|
| 1 | University of Kerala, Palayam, Thiruvananthapuram | A++ |
| 2 | Mahatma Gandhi University, Kottayam | A++ |
| 3 | University of Calicut, Malappuram | A+ |
| 4 | Cochin University of Science and Technology, Kochi | A+ |
| 5 | Sree Sankaracharya University of Sanskrit, Kalady, Ernakulam | A+ |
| 6 | Central University of Kerala, Periye, Kasaragod | A |
| 7 | Kannur University, Thavakkara, Kannur | B++ |

സെക്ഷൻ ഓഫീസർ